ബി1/ഇ-117271/2019/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
2-ാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം - 14
ഇ-മെയിൽ tcoffice.mvd@kerala.gov.in
ടെലഫോൺ - 0471 2333317/37
ഫാക്സ് - 0471 2333314
തീയതി: 03.01.2020

പ്രേഷക
ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ ഡി.ടി.സിമാർക്കും, ആർ.ടി.ഓമാർക്കും, ജോയിന്റ് ആർ.ടി.ഓമാർക്കും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും (ചെക്ക് പോസ്റ്റുകൾ)

സർ,

**വിഷയം:** മോ.വാ.വ - മോട്ടോർ വാഹന നിയമം 88(8) അനുസരിച്ച് തെലുങ്കാന സംസ്ഥാനത്തു നിന്നും വരുന്ന താൽക്കാലിക പെർമിറ്റുള്ള വാഹനങ്ങൾക്ക് നികുതി ഒഴിവാക്കുന്നത് - സംബന്ധിച്ച്.
**സൂചന:** തെലുങ്കാന സംസ്ഥാനത്തിലെ ട്രാൻസ്പോർട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത്.

******

S.R.O No.878/75-ലെ ക്രമ നമ്പർ 25 അനുസരിച്ച് മോട്ടോർ വാഹന നിയമം 88(8) പ്രകാരം സ്പെഷൽ പെർമിറ്റ് എടുത്തു വരുന്ന അന്യസംസ്ഥാന വാഹനങ്ങൾക്ക് എൻട്രി ടാക്സ് ഒഴിവാക്കി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ നിന്നും സെക്ഷൻ 88(8) പ്രകാരം അന്യ സംസ്ഥനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് നികുതിയിളവ് നൽകുന്ന സംസ്ഥാനങ്ങൾക്ക് മാത്രമായി നികുതിയിളവ് നിജപ്പെടുത്തി. ഈ ഉത്തരവ് അനുസരിച്ച് തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ വാഹനങ്ങൾക്ക് കേരളത്തിൽ ടാക്സ് ഒഴിവാക്കി നൽകിയിരുന്നു.

2. ഇതിനിടയ്ക്ക് കേരളത്തിൽ നിന്നും ആന്ധ്രാപ്രദേശിലേക്ക് പോകുന്ന Maxi-cab വാഹങ്ങൾക്ക് ആന്ധ്രാപ്രദേശ് എൻട്രി ടാക്സ് കളക്ട് ചെയ്തു തുടങ്ങി. ആയതിനാൽ 17.12.2000 തീയതിയിലെ ഉത്തരവ് പ്രകാരം ആന്ധ്രാപ്രദേശിൽ നിന്നും കേരളത്തിലേക്ക വരുന്ന Maxi-cab (Carrying capacity is more than 6 passengers, but not more than 12 passengers) -ൽ നിന്നും എൻട്രി ടാക്സ് ഈടാക്കുവാൻ തുടങ്ങി. ഇത് ഇപ്പോഴും തുടരുന്നു.

3. തെലുങ്കാന സംസ്ഥാനം രൂപീകൃതമായപ്പോൾ കേരളത്തിൽ നിന്നും അവിടേക്ക് പോകുന്ന കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് തെലുങ്കാന സർക്കാർ നികുതി ഈടാക്കി തുടങ്ങി. തുടർന്ന് സർക്കുലർ നമ്പർ 17/2017 (B1/47928/2017/TC Dated 22.12.2017) അനുസരിച്ച് തെലുങ്കാനയിൽ നിന്നും കേരളത്തിലേക്ക് വരുന്ന എല്ലാ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്കും നികുതി ഈടാക്കാൻ മോട്ടോർ വാഹന വകുപ്പ് ഉത്തരവ് നൽകി. ഈ ഉത്തരവ് പുന:പരിശോധിക്കാനാണ് തെലുങ്കാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആവശ്യം മാക്സി ക്യാബ് വാഹനങ്ങളിൽ നിന്നും കേരള ടാക്സ് ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയോടെ പരിഗണിക്കുന്നു. ആന്ധ്രാപ്രദേശിൽ നിന്നും വരുന്ന മാക്സി ക്യാബ് വാഹനങ്ങളിൽ നിന്നും നിലവിൽ ടാക്സ് ഈടാക്കുന്നതുകൊണ്ടാണ് തെലുങ്കാനയിൽ നിന്നും വരുന്ന മാക്സി ക്യാബുകളിൽ നിന്നും ടാക്സ് ഈടാക്കണമെന്ന വ്യവസ്ഥ കൊണ്ടു വരുന്നത്. ആയതിനാൽ മാക്സി ക്യാബുകൾ ഒഴിച്ച് അതിനുമുകളിലേക്ക് സീറ്റിംഗ് കപ്പാസിറ്റിയുള്ള, സെക്ഷൻ 88(8) അനുസരിച്ച് പെർമിറ്റ് എടുത്ത് വരുന്ന, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളെ കേരളത്തിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

ട്രാൻസ്പോർട്ട് കമ്മീഷണർ.

പുറത്തെഴുത്ത് നമ്പർ C1/123003/2020/NZ Dated 14-01-2020

ബഹു. ട്രാൻസ്പോർട്ട് കമ്മീഷണറുടെ മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് … പാലിക്കുന്നതിന് എല്ലാ സബ് ഓഫീസുകൾക്കും … അടിയന്തര നിർദ്ദേശം നൽകുന്നു.

DEPUTY TRANSPORT COMMISSIONER
NORTH ZONE, KOZHIKODE